(ഡി) ലേബർ ബഡ്ജറ്റിന്റെയും അനുബന്ധ സംസ്ഥാന-കേന്ദ്ര സർക്കാർ ഉത്തരവുകളുടെയും 2011 മുതലുള്ള പകർപ്പുകൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

(ഇ) 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.*

(എഫ്) അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.*

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

34 (4069) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിനുകീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളിൽ (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ആർക്കൊക്കെയാണ് പരിശീലനം നൽകുന്നത് ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം എത്ര രൂപയാണ് ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിദിനം എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പറഞ്ഞ തുകകൾ പര്യാപ്തമാണോ എന്നും പര്യാപ്തമല്ലെങ്കിൽ ആയതു പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ്, ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികൾ, കർഷകർ, എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർക്ക് വികസന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നു.

(ബി) ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം ഭക്ഷണത്തിനായി 80 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിഫലമായി മണിക്കൂറിന് 150 രൂപയാണ് നൽകുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ ഇക പര്യാപ്തമല്ലാത്തതിനാൽ ഇക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

ആദിവാസികൾക്കുവേണ്ടി ഗ്രാമവികസന വകുപ്പ് നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പദ്ധതികൾ

35 (4070) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്ക് വേണ്ടി ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയ/തീരുമാനിച്ച പദ്ധതികളുടെ പേര് വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ പദ്ധതികൾക്കും എത്ര രൂപാവീതം നീക്കിവച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടിയിൽ മാത്രം ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ;

(ഡി) ഡോ. സീമാ ഭാസ്കറിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഇതിനായി എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം

36 (T4071) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി സബ്ട്രഷറിക്കുകീഴിൽ പ്രസ്തുത പെൻഷൻ ലഭിക്കേണ്ടവരായ ശ്രീമതി സാവിത്രി അന്തർജ്ജനം, ശ്രീമതി അമ്മിണിയമ്മ തുടങ്ങിയവർക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly